മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉവ്വ്.

മിസ്റ്റർ കെ. കെ. കണ്ണൻ: അതിനെക്കുറിച്ചുനോക്കിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പഞ്ചായത്ത് ഡയറക്ടർ അന്വേഷിച്ചതായിട്ടാണ് കാണുന്നത്.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: അസാധാരണ വേലിയേറ്റക്കാലത്ത് വെള്ളം കയറാതിരിക്കത്തക്കവണ്ണം ബണ്ട് കുറച്ചു ഉയത്തി കെട്ടാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആലോചിക്കാം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ബണ്ട് ആവശ്യമുള്ള സ്ഥലങ്ങളിൽ നേരത്തെതന്നെ കെട്ടിക്കൊട്ടക്കാൻ ശ്രമിക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ശ്രമിക്കാം.

## PARAKADAVU QUARRY—RETRENCHMENT OF STAFF—DETAILS REGARDING

**159. (154) Mr. K. W. Muralidhara Marar** (*Trippunithura*): Will Government be pleased to state.—

*(a)* whether there has been any retrenchment from the Parakadavu Quarry recently;

*(b)* if so, how many are affected?

**Mr. K. Ayyappan** (*Minister for Works and Revenue*):

*(a)* To adjust the work to the allotment available this year, about 250 labourers were retrenched on 1st November 1948.

*(b)* But they were all reinstated on 8th November 1948.

മിസ്റ്റർ കെ. ഡബ്ലിയു. മുരളീധരമാരാർ: ഏതാനും ദിവസംമുമ്പ് കുറെ വേലക്കാരെ പിരിച്ചുവിട്ടിട്ടുണ്ട്. അവരെ തിരച്ചെടുക്കാൻ വല്ല വഴിയുമുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: അവരുടെ കാര്യം ആലോചനയിൽ ഇരിക്കുന്നു.

## SUSPENSION OF ERNAKULAM BENCH MAGISTRATE'S COURT—REASONS FOR

**160.** (181) മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) എറണാകുളം ബഞ്ചുമജിസ്ട്രേട്ടകോടതി പ്രവത്തനത്തിന്നു് അടുത്തകാലത്തു വല്ല സ്തംഭനാവസ്ഥയും ഉണ്ടായോ; ഉണ്ടായെങ്കിൽ എന്താണു് കാരണം;

(ബി) എത്രകാലം കോടതി ഇല്ലാതിരുന്നു;

(സി) അന്നു ബഞ്ചുകോടതി കൈകാര്യം ചെയ്യേണ്ടിയിരുന്ന കേസ്സുകൾക്കു് എന്തു സംഭവിച്ചു;

(ഡി) പ്രസ്തുത കോടതിയുടെ പ്രവത്തനം ഉടനുവാൻ ഗവൺമെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വു്. പ്രസിഡണ്ടു് ഉൾപ്പെടെ ഏഴു ബഞ്ചുമജിസ്ട്രേട്ടുമാർ രാജിസമർപ്പിച്ചു. രാജി ഗവൺമെണ്ടു സ്വീകരിച്ചു.

(ബി) ൧൯൪൮ മകരമാസം ൨൪-ാംനു മുതൽ.

(സി) ആ കേസുകൾ ഇപ്പോഴും നിലവിലാണു്.

(ഡി) ഉവ്വു്.

മിസ്റ്റർ വി. കെ. ജോസഫ്: രാജിക്കുള്ള കാരണമെന്താണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബഞ്ചുമജിസ്ട്രേട്ടകോടതിയിൽ ഉണ്ടായിരുന്ന ഒരു കേസ്സു ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം മജിസ്ട്രേട്ടകോടതിയിലേക്കു് മാറ്റുകയുണ്ടായി. എന്നാൽ ആ കേസ്സു പിൻവലിച്ചു. അതിനുശേഷം ആ കാര്യത്തിൽ മുനിസിപ്പൽ കമ്മീഷണർ എടുത്ത നടപടികൾ തങ്ങളുടെ അന്തസ്സിനു യോജിക്കുന്നില്ലെന്ന കാരണമാണു് രാജിയിൽ പറഞ്ഞിട്ടുള്ള പലകാരണങ്ങളിൽ ഒന്നു്.

മിസ്റ്റർ ടി. പി. സീതാരാമൻ: മുനിസിപ്പൽ കമ്മീഷണർ എടുത്ത നടപടി തെറ്റായിരിക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതിനെപ്പറ്റി അഡ്വക്കേറ്റു് ജനറൽ അന്വേഷിച്ചതിൽ നിയമവിരുദ്ധമായി തനിക്കില്ലാത്ത അധികാരമുപയോഗിച്ചു ആ ഉദ്യോഗസ്ഥൻ ഒന്നും ചെയ്തതായി തെളിഞ്ഞിട്ടില്ല.



LIBRARY ARCHIVES Kerala Legislative Assembly